പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1554 **01-07-2026-ൽ മറുപടിയ്ക്ക്**

പകർച്ചവ്യാധി കേസുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാർ ശുചീകരണ പ്രവർത്തനങ്ങളും മഴക്കാലപൂർവ്വ ശുചീകരണവും ശരിയായി നടത്താത്തതുകൊണ്ട് പകർച്ചവ്യാധി കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായെന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ;

മറുപടി: ഷിഗെല്ല പോലെയുള്ള പകർച്ചവ്യാധികൾ വർദ്ധിക്കാൻ കാരണമായത്, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ശരിയായി നടത്താത്തതുകൊണ്ടാണോ എന്നത് പരിശോധിക്കുന്നതാണ്.

(ബി) ഷിഗെല്ല പോലുള്ള രോഗങ്ങൾ ഉണ്ടായിട്ടും സംസ്ഥാനത്തെ പല തട്ടുകടകളും ഹോട്ടലുകളും വൃത്തിയായി പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ;

മറുപടി:

- സംസ്ഥാനത്ത് ഷിഗെല്ല, പോലുള്ള ജലജന്യ രോഗ കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും സംയുക്തമായി സംസ്ഥാന വ്യാപക പരിശോധനകളും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമാക്കിയിട്ടുണ്ട്.
- മൺസൂൺ കാലയളവിൽ മലിനജലത്തിലൂടെയും സുരക്ഷിതമല്ലാത്ത ഭക്ഷണ-കുടിവെള്ള സ്രോതസ്സുകളിലൂടെയും രോഗവ്യാപന സാധ്യത വർദ്ധിക്കുന്നതിനാൽ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ ഉൾപ്പെടെയുള്ള വഴിയോര ഭക്ഷണശാലകൾ, കാറ്ററിംഗ് യൂണിറ്റുകൾ, കുടിവെള്ള വിതരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വ്യാപക പരിശോധനകൾ നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.
- "ഹെൽത്തി കേരള" പദ്ധതിയുടെ ഭാഗമായി എല്ലാ മാസവും മൂന്നാം ചൊവ്വാഴ്ച ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്ത് വിപണനം നടത്തുന്ന സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു.
- ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ആവശ്യമായ ആരോഗ്യ പരിശോധനകളും പ്രതിരോധ കുത്തിവയ്പുകളും പൂർത്തിയാക്കിയ ശേഷമാണ് ഹെൽത്ത് കാർഡ് അനുവദിക്കുന്നത്.

- ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട് .

ഭക്ഷ്യജന്യ രോഗങ്ങളുടെ വ്യാപനം തടയുന്നതിനും, ഷിഗെല്ല അണുബാധയുമായി ബന്ധപ്പെട്ട പ്രതിരോധത്തിന്റെയും ഭാഗമായി ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ Clean Kerala Special Drive ഇക്കഴിഞ്ഞ മെയ് 28 മുതൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തിയിരുന്നു. വീഴ്ചകൾ കണ്ടെത്തിയ ഹോട്ടൽ, തട്ടുകടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കെതിരെ Compounding, Adjudication ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കുപ്പിവെള്ളത്തിന്റെ കാനുകളിൽ ശുദ്ധീകരിക്കാത്ത വെള്ളം സിറിഞ്ച് ഉപയോഗിച്ച് നിറയ്ക്കുന്നതായ ആരോപണത്തെ കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമോ;

മറുപടി: കുടിവെള്ള കാനുകളിൽ ശുദ്ധീകരിക്കാത്ത വെള്ളം സിറിഞ്ച് ഉപയോഗിച്ച് നിറയ്ക്കുന്നതായ പരാതികൾ ആരോഗ്യ വകുപ്പിനോ ഭക്ഷ്യസുരക്ഷ വകുപ്പിനോ ലഭിച്ചിട്ടില്ല. എന്നാൽ കുടിവെള്ളത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ ഭക്ഷ്യസുരക്ഷ വകുപ്പ് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ